**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2124** **30-07-2021 - ൽ മറുപടിയ്ക്ക്**

**ഗദ്ദിക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി വിഭാഗങ്ങളിലെ സംരംഭകരുടെ ഉല്പന്നങ്ങൾ ഓൺലൈൻ പോർട്ടൽ മുഖേന വിറ്റഴിക്കുന്ന ഗദ്ദിക പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | വിലയിരുത്തിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 200 ഉല്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ടി പദ്ധതി ആരംഭിച്ചത്. ടി പദ്ധതിയുടെ ഭാഗമായി ഇതിനകം തന്നെ പട്ടികജാതി സംരംഭകരുടെ 235 ഉല്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലഭ്യമാ ക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾക്കിടയിൽ ആരോഗ്യകരമായ മത്സരം നില നിർത്തുന്നതിന് എല്ലാ വിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായ ഉല്പന്നങ്ങളാണ് ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുള്ളത്. ഓൺലൈൻ പ്ലാറ്റ്ഫോമിൽ എല്ലാ ഉല്പന്നങ്ങൾക്കും ഒരുപോലെ സ്വീകാര്യത ലഭിക്കാത്തതും കോവിഡ് കാലത്ത് കൂടുതൽ ഉല്പാദിപ്പിക്കാനാവശ്യമായ അസംസ്കൃത വസ്തുക്കൾ സംരഭകർക്ക് ലഭ്യമാകാത്തതും ഓൺലൈൻ വിപണിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ